**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4645** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടാമ്പി നഗരസഭ പരിധിയിൽ സമഗ്ര കുടിവെള്ള വിതരണത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പട്ടാമ്പി നഗരസഭയുടെ അമൃത് 2.0 മൊത്തം പദ്ധതി വിഹിതം 7.04 കോടി രൂപയാണ്. അമൃത് 2.0-യിൽ ഉൾപ്പെടുത്തുന്നതിനായി നഗരസഭ 7.04 കോടി രൂപയുടെ കുടിവെള്ള വിതരണ പദ്ധതികളുടെ വിവരങ്ങൾ അമൃത് 2.0 പോർട്ടലിൽ രേഖപ്പെടുത്തുകയും അമൃത് 2.0 സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന് ഇതിനകം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ ജല വിതരണം നടത്തുന്ന പൈപ്പുകളുടെ കാലപ്പഴക്കം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പൈപ്പുകളിൽ കൂടിയുള്ള ജലവിതരണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. ഇതു സംബന്ധിച്ച് ആവശ്യമായ പഠനങ്ങൾ നഗരസഭ നടത്തി വിശദമായ പദ്ധതി രേഖ സമർപ്പിക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര അനുമതി ലഭിച്ചതിനുശേഷം ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. |
| (സി) | കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനും പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിനും അമൃത് പദ്ധതിയിൽ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നും പദ്ധതി എന്ന് നടപ്പിലാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | (സി) | താത്ക്കാലികമായി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് തുക 7.04 കോടി രൂപയാണ്. ഇതിൽ പുതിയ ടാങ്ക്, സംസ്കരണ പ്ലാന്റ്, ജലവിതരണ പൈപ്പുകൾ എന്നിവ ഉൾപ്പെടുന്നു. കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കിയ ശേഷം സംസ്ഥാനതല ഉന്നതാധികാര സമിതിയിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ കൈക്കൊള്ളുന്നതും തുടർന്ന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതുമാണ്. |
| (ഡി) | പട്ടാമ്പിയിലെ അമൃത് പദ്ധതിയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (ഡി) | താത്കാലിക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി അമൃത് 2.0 യുടെ ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ